# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം- സീനിയർ സൂപ്രണ്ടുമാരുടെ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നം. സി 2/4176/2014/കോവി.വ                 തീയതി: 04.12.2014**

---

പരാമർശം:- 1) 26.11.2014 ലെ സ.ഉ.(സാധാരണ) 2807/2014/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2) സീനിയർ സൂപ്രണ്ടുമാരിൽ നിന്നും ലഭിച്ച അപേക്ഷകൾ.

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ താഴെപ്പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

| ക്രമ നം. | ഒഴിവ് നിലവിലുള്ള സ്ഥാപനം | എണ്ണം | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|
| 1 | പി.എം.സർക്കാർ കോളേജ്, ചാലക്കുടി. | 1 | ശ്രീ. പി.എസ്.നജീബ് സീനിയർ സൂപ്രണ്ട്, പ്രൊമോഷനായ ഒഴിവ്. |
| 2 | കെ.എം.എം. സർക്കാർ വനിതാ കോളേജ്, കണ്ണൂർ. | 1 | ശ്രീ. എൻ.കെ. രാധാകൃഷ്ണൻ, സീനിയർ സൂപ്രണ്ട്, പ്രൊമോഷനായ ഒഴിവ് |

മേൽ സൂചിപ്പിച്ച സീനിയർ സൂപ്രണ്ട് തസ്തികകളിൽ നിയമനം നടത്തുന്നതിനായി താഴെപ്പറയുന്ന സീനിയർ സൂപ്രണ്ടുമാരെ സ്ഥലം മാറ്റിയും ജൂനിയർ സൂപ്രണ്ടുമാരെ അവരുടെ മുൻഗണനാക്രമമനുസരിച്ച് ₹ 18740-33680 ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകിയും നിയമിച്ച് ഉത്തരവാകുന്നു.

### സ്ഥലംമാറ്റം

താഴെക്കൊടുത്തിട്ടുള്ള സീനിയർ സൂപ്രണ്ടുമാരെ അവരുടെ പേരിനു നേരെയുള്ള സ്ഥാപനങ്ങളിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ. സെബാസ്റ്റ്യൻ. കെ.ജെ സീനിയർ സൂപ്രണ്ട്, ശ്രീ സി അച്യുതമേനോൻ സർക്കാർ കോളേജ്, തൃശ്ശൂർ | പി.എം.സർക്കാർ കോളേജ്, ചാലക്കുടി. (സീനിയർ സൂപ്രണ്ട്, ശ്രീ. പി.എസ്.നജീബ്, പ്രൊമോഷനായ ഒഴിവിൽ) |
| 2 | ശ്രീമതി. സുശീല.സി.വി സീനിയർ സൂപ്രണ്ട്, ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി | ശ്രീ സി അച്യുതമേനോൻ സർക്കാർ കോളേജ്, തൃശ്ശൂർ. (സീനിയർ സൂപ്രണ്ട് ശ്രീ.കെ.ജെ.സെബാസ്റ്റ്യന് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |

### സ്ഥാനക്കയറ്റം

താഴെക്കൊടുത്തിട്ടുള്ള ജൂനിയർ സൂപ്രണ്ടിനെ ₹ 18740-33680 ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ. എം.കെ.സുധാകരൻ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്), കെ.കെ.റ്റി.എം സർക്കാർ കോളേജ് പുല്ലൂറ്റ് | സീനിയർ സൂപ്രണ്ട്, ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി.(സീനിയർ സൂപ്രണ്ട്, ശ്രീമതി. സി.വി. സുശീലയ്ക്ക് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സീനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിക്കവെ 06.01.2014 മുതൽ പ്രവേശന പരീക്ഷാ കമ്മിഷണറുടെ കാര്യാലയത്തിൽ അന്യത്ര സേവനത്തിലായിരുന്ന സീനിയർ സൂപ്രണ്ട്, ശ്രീ.ജി. മോഹനൻ നായർ പ്രസ്തുത സേവനം അവസാനിപ്പിച്ച് 01.12.2014 പൂർവാഹനത്തിൽ പ്രവേശന പരീക്ഷാ കമ്മിഷണറുടെ കാര്യാലയത്തിൽ നിന്നും മാതൃ വകുപ്പിലേയ്ക്ക് തിരികെ പ്രവേശിക്കുന്നതിനാൽ ഒഴിവ് നിലവിലുള്ള രണ്ടാമത്തെ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതാണ്.

പ്രൊമോഷൻ / സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർ ഇപ്പോൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി ഈ ഉത്തരവ് പ്രകാരം നിയമനം ലഭിക്കുന്ന സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും പ്രസ്തുത വിവരം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

പ്രൊമോഷൻ ലഭിച്ച സീനിയർ സൂപ്രണ്ടുമാർ ഓപ്ഷൻ ഫോറം അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.collegiateedu.kerala.gov.in) ലഭ്യമാണ്.

ഒപ്പ്/-
എം.നന്ദകുമാർ, ഐ.എ.എസ്
**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ, കോട്ടയം.
2) പ്രിൻസിപ്പൽ, ശ്രീ സി അച്യുതമേനോൻ സർക്കാർ കോളേജ്, തൃശ്ശൂർ; പി.എം.സർക്കാർ കോളേജ്, ചാലക്കുടി; ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി; കെ.കെ.റ്റി.എം സർക്കാർ കോളേജ്, പുല്ലൂറ്റ്.
3) സി. എ - ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ.
4) സൂപ്രണ്ട്- സി സെക്ഷൻ.
5) കരുതൽ ഫയൽ.
6) നടപ്പ് ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്